"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടി വിവിധ സ്ഥാപനങ്ങൾ മുഖേന പണികഴിപ്പിക്കുന്ന ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതു മൂലമുണ്ടായ ഡിലേ പെനാൽറ്റി ഒഴിവാക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.444/2024/TRANS തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 07/05/2024-ലെ സി1-7411/19 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ബോട്ടുനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ലോക്ക് ഡൗൺ കാലയളവിൽ യാർഡുകൾ അടച്ചിടേണ്ടിവന്നതു മൂലവും സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടി വിവിധ സ്ഥാപനങ്ങൾ മുഖേന പണികഴിപ്പിക്കുന്ന ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതായും ഇപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതു മൂലമുണ്ടായ ഡിലേ പെനാൽറ്റി 100 പാക്സ് സോളാർ ക്രൂയിസ് വെസ്സൽ, 75 പാക്സ് കാറ്റാ മറൈൻ ബോട്ടുകൾ 2 എണ്ണം, 10 പാക്സ് വാട്ടർ ടാക്സി 2 എണ്ണം, 90 പാക്സ് പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് 2 എണ്ണം, 100 പാക്സ് കാറ്റാ മറൈൻ ബോട്ടുകൾ 7 എന്നീ ബോട്ടുകൾക്ക് ഓരോ ദിവസത്തിനും 1000/- രൂപ വീതവും, 100 പാക്സ് സോളാർ ബോട്ടുകൾ 2 എണ്ണം, 10 പാക്സ് വാട്ടർ ടാക്സി 2 എണ്ണം, 75 പാക്സ് സോളാർ ബോട്ടുകൾ 3 എണ്ണം എന്നീ ബോട്ടുകൾക്ക് ഓരോ ദിവസത്തെ കാലതാമസത്തിനും 5000/- രൂപ വീതവും ഇളവ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരിയെ തുടർന്ന് ലോക്ക് ഡൗൺ കാലയളവിൽ യാർഡുകൾ പൂട്ടിയിടേണ്ടി വന്നതിനാൽ സംസ്ഥാന ജലഗതാഗത വകുപ്പിന് വേണ്ടി വിവിധ സ്ഥാപനങ്ങൾ മുഖേന പണികഴിപ്പിക്കുന്ന ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിയതു മൂലമുണ്ടായ ഡിലേ പെനാൽറ്റി ഒഴിവാക്കുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. കരാറുകാരുടെ ഭാഗത്തു നിന്നും യാതൊരുവിധ കരാർ ലംഘനവും ഉണ്ടായിട്ടില്ല എന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.
2. കരാറുകാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലമല്ല പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് എന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(I&PW-A1/224/2023-FIN dated.25/10/2024)
ഐ & പി ആർ(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 13-11-2024 10:58:38